LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്

190 (7489) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും പ്രാദേശിക വികസനത്തിന് നൽകുന്ന സംസ്ഥാന പദ്ധതിവിഹിതം അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുമ്പോൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ലഭിച്ച പദ്ധതി വിഹിതത്തിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്ന് തുക, തദ്ദേശസ്വയംഭരണ സ്ഥാപനം, ശതമാനം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നിർദ്ദേശിക്കുന്ന പൊതു മാനദണ്ഡങ്ങൾ അനുസരിച്ചാണ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിഹിതം നൽകുന്നത്. ഇനിയും രൂപീകരിച്ചിട്ടില്ലാത്ത അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുമ്പോഴെ നടപടി സ്വീകരിക്കാൻ കഴിയുമോ ഇല്ലെയോ എന്ന് പറയാൻ കഴിയൂ.

(ബി) കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ

191 (7490) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ളത് ; ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചതെന്നും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതെന്നുമുള്ള വിവരം തരംതിരിച്ച് വ്യക്തമാക്കാമോ ; ഇവയ്ക്കുള്ള ഫണ്ട് എവിടെ നിന്നൊക്കെയാണ് ലഭ്യമാക്കിയത്;

(ബി) സാമ്പത്തിക ശേഷികുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ ശുചിത്വമിഷൻ സാമ്പത്തിക സഹായം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എത്ര ശേഷിയുള്ള പ്ലാന്റുകളാണ് ഇവിടെ നിർമ്മിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.